# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരീപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P6/1987/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 15/12/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരീപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P6/1987/2023 തീയ്യതി: 15/12/2023

## കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2022 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽകുമാർ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-11-2023 | 25-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-11-2023 | 25-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഐസക് ജോൺ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.ഷെഫീക്ക്.എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.അമ്പിളി.ജി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാകേഷ്.എം.,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പ്രശോഭ.പി.എസ്. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ബാലകൃഷ്ണപിള്ള.ബി | സെക്രട്ടറി | 01-04-2022 | 30-09-2022 |

| | | | |
|---|---|---|---|
| ശ്രീ. കെ. സജിജോൺ | സെക്രട്ടറി | 01-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജലജ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 07-11-2022 |
| ശ്രീ.സുനിൽ ഡേവിഡ് | അസിസ്റ്റന്റ് സെക്രട്ടറി | 07-11-2022 | 31-03-2023 |
| ശ്രീമതി. സോഫ്ജി.എസ് ഭദ്രൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീബ വി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രഭ.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 07-07-2022 |
| ശ്രീമതി.രമാദേവി അമ്മ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 08-07-2022 | 31-03-2023 |
| ശ്രീമതി അനുശ്രീ | അസിസ്റ്റന്റ് എഞ്ചിനീയർ(മരാമത്ത്) | 01-04-2022 | 31-03-2023 |
| ശ്രീമതി സൈറ റാണി കുഞ്ഞ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.സുനിത ഹരിലാൽ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.ബോബി.എം.ഐ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ. ബിഷ്ണു മായാ സുധാകരൻ | വി.ഇ.ഒ 1 | 01-04-2022 | 31-03-2023 |
| ശ്രീമതി പുഷ്പ സി.കെ | വി.ഇ.ഒ 2 | 01-04-2022 | 31-03-2023 |
| ശ്രീമതി അനിത | അക്രെഡിറ്റഡ് എഞ്ചിനീയർ MNREGS | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി. | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ട്രഷറിയിൽ പണമാകാത്ത ബില്ലുകൾ എ.സി.ആറിൽ ചെലവായി കാണിച്ചിരിക്കുന്നു. | 1-1-9 |
| 11 | ലയബിലിറ്റി കൃത്യമല്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | സ്ഥാപന തൊഴിൽനികുതി പൂർണ്ണമായും ഈടാക്കിയില്ല. | 1-11 |
| 22 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 1-12 |
| 23 | തനത് വരുമാനം-അവലോകനം | 1-13 |
| 24 | ഗുണഭോക്താവിന് ധനസഹായം ആവർത്തിച്ച് നൽകി. | 1-14 |
| 25 | പ്രാദേശിക കുടിവെള്ള പദ്ധതികൾ-അഡ്വാൻസായി തുക ഒടുക്കിയെങ്കിലും പണി പൂർത്തീകരിച്ചില്ല. | 1-15 |

| | | |
|---|---|---|
| 26 | സ്ലീറ്റ് ലൈൻ ദീർഘിപ്പിക്കൽ - വിനിയോഗസാക്ഷ്യപത്രവും പൂർത്തീകരണസാക്ഷ്യപത്രവും ഹാജരാക്കിയില്ല. | 1-16 |
| 27 | ഹരിത കർമ്മസേന | 1-17 |
| 28 | പാറകപാറികൾ ശുചീകരിച്ച് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ-പദ്ധതി പ്രവർത്തനക്ഷമമായില്ല | 1-18 |
| 29 | ഒരേ ഗുണഭോക്താക്കൾക്ക് രണ്ട് തവണ തുക നൽകി | 1-19 |
| 30 | തെരുവുവിളക്ക് വൈദ്യുതി ചാർജ്ജ് - ഉപയോഗത്തിലില്ലാത്ത സാധാരണ ബൾബുകൾക്ക് കറണ്ട് ചാർജ്ജ് നൽകി. | 1-20 |
| 31 | ഹരിത കർമ്മസേന വാഹനം വാങ്ങൽ - വാങ്ങിയ വാഹനം നാളിതുവരെ ഉപയോഗിച്ചിട്ടില്ല | 1-21 |
| 32 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-22 |
| 33 | MGNREGS- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി-2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തില്ല. | 1-23 |
| 34 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയില്ല | 1-24 |
| 35 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ പൂർത്തീകരിച്ചില്ല | 1-25 |
| 36 | ഇ-ടെണ്ടർ ഫാറവില പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കണം. | 1-26 |
| 37 | റിവൈസ്ഡ് എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയിൽ പരിമിതപ്പെടുത്താതെ അധിക അളവിന് തുക അനുവദിച്ചു- നിരാകരിക്കുന്ന തുക- 990/- രൂപ. | 1-27 |
| 38 | പദ്ധതികൾ ഫലപ്രാപ്തിയിലെത്തിയില്ല- തുടർ നടപടി അനിവാര്യം. | 1-28 |
| 39 | ചെലവ് രേഖകൾ ഹാജരാക്കിയില്ല-18,934 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 40 | മുൻകൂർ കൈപ്പറ്റിയിട്ടും വീട് പണി പൂർത്തിയാക്കിയില്ല | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | റിവൈസ്ഡ് എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയിൽ പരിമിതപ്പെടുത്താതെ അധിക അളവിന് തുക അനുവദിച്ചു- നിരാകരിക്കുന്ന തുക- 990/- രൂപ. | 3-1 |
| 2 | ഒ.ഡി.എഫ്. പദ്ധതി - ഒരേ ഗുണഭോക്താക്കൾക്ക് രണ്ട് തവണ തുക നൽകി | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 30-6-23 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 5(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 11-7-23 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്

### 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B1 Schedule.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

NET INCREASE /DECREASE IN CASH EQUIVALENT – ₹16,80,427/-

NET CASH GENERATED/(USED UP) BY INVESTING OPERATING AND INVESTING ACTIVITIES-₹1,00,98,780/-

### 1-1-4 രസീത് തെറ്റായ ശീർഷകത്തിൽ നൽകി.

ലൈഫ് സ്റ്റേറ്റ് ഷെയർ Education Including Primary And Secondary School എന്ന ഹെഡിൽ 4,00,000/-രൂപ വരവായി ചേർത്തിരിക്കുന്നു. ആയതിനാൽ ബാലൻസ് ഷീറ്റിൽ സ്റ്റേറ്റ് ഷെയർ കൃത്യമല്ല.

1-1-5 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

തൊഴിൽ രഹിത വേതനം

1-1-6 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ

1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

1-1-8 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

സി.എഫ്.സി. ടൈഡ്, അൺടൈഡ് ചെലവ് തുക എ.സി.ആർ, സുലേഖ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

1-1-9 ട്രഷറിയിൽ പണമാകാത്ത ബില്ലുകൾ എ.സി.ആറിൽ ചെലവായി കാണിച്ചിരിക്കുന്നു.

ട്രഷറിയിൽ നിന്നും ചെലവാകാത്ത തുകകൾ (ആകെ 17,64,738/-രൂപ) വെബ് സാംഖ്യാ എ.സി.ആറിൽ ചെലവായി ഉൾപ്പെട്ടിരിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഫണ്ടിനം | അലോട്ട്മെന്റ് നമ്പർ | തുക (₹) |
|---|---|---|---|
| 237/ Distribution Of Inter Crop Kit | Dev. Gen | 492/31-3-23 | 4,20,000/- |
| 237/ Distribution Of Inter Crop Kit | | 493/31-3-23 | 3,00,000/- |
| 69/ Njangalum Krishiyilekku-bush Pepper Seed Distribution | | 494/31-3-23 | 318750/- |
| 2/ Anganwadi Feeding | | 491/31-3-23 | 58787/- |
| 2/ Anganwadi Feeding | | 489/30-3-23 | 120576/- |
| 183/ Life General | | 501/31-03-23 | 40,000/- |
| 67/ Integrated Paddy Development Programme | | 495/31-03-23 | 281625/- |
| 38/ House Upgradation | | 503/31-3-23 | 75,000/- |
| 3/ House Upgradation | | 513/31-3-23 | 1,50,000/- |

1-1-10 ലയബിലിറ്റി കൃത്യമല്ല

Capital Work In Progress എന്ന തുകയുടെ കൃത്യത രേഖപ്പെടുത്താനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

1-2 ബജറ്റ്

21/03/2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15/03/2023 ലെ 1(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 90,45,234/- രൂപ |
| വരവ് | 7,69,17,476/-രൂപ |
| ആകെ | 8,59,62,710/-രൂപ |

| | |
|---|---|
| ചെലവ് | 7,52,37,049/-രൂപ |
| നീക്കിയിരിപ്പ് | 1,07,25,661/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 71,312/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 35,52,117/-രൂപ |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ (ലാപ്പ്സായ തുക) (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19730000/- | 19730000/- | 17960869/- | 1769131/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8626000/- | 8626000/- | 7973705/- | 646295/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 15588000/- | 15588000/- | 9298260/- | 6289740/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 6494000/- | 6494000/- | 5795717/- | 698283/- |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Tied)-ട്രഷറി | 0 | 17398/- | 17398/- | 10200/- | 7198/- |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Untied)-ട്രഷറി | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
| സമ്പൂർണ്ണശുചിത്വം | 2443129/- | 65000/- | 2508129/- | 2446449/- | 61683/- |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 14,30,000/- | 50,60,000/- | 64,90,000/- | 28,80,000/- | 36,10,000/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ICDS | 414/- | 788407/- | 788821/- | - | 788821/- |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Tied) | 852198/- | 5146000/- | 5998198/- | 5970778/- | 27420/- |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Untied) | 68287/- | 3566280/- | 3634567/- | 3604634/- | 29933/- |
| MNREGS അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1,44,338/- | 1250021/- | 1394359/- | 1394359/- | 0 |
| ആയുർവേദം ക്യാപ്പിറ്റൽ | 0 | 4,50,000/- | 4,50,000/- | 0 | 4,50,000/- |
| ഹെൽത്ത് ഗ്രാന്റ്-1 | 0 | 279349/- | 279349/- | 0 | 279349/- |
| ശുചിത്വമിഷൻ | 0 | 1,80,000/- | 1,80,000/- | 1,80,000/- | 0 |
| ഹെൽത്ത് ഗ്രാന്റ്-2 | 0 | 436527/- | 436527/- | 0 | 436527/- |
| ആശ്രയ | 12,93,600/- | 0 | 12,93,600/- | 12,93,600/- | 0 |

* സി.എഫ്.സി. ചെലവു തുകകൾ സുലേഖയുമായി പൊരുത്തപ്പെടുന്നില്ല.
* നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 216 | 20,02,23,820/- | 107 | 7,25,66,934/- | - | 109 | 49.5 % |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,44,338/- | 12,50,021/- | 13,94,359/- | 13,94,359/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,90,66,010/- | 4,90,66,010/- | 4,90,66,010/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 3,760/- |
| കർഷകതൊഴിലാളി പെൻഷൻ | 19,52,000/- |
| വിധവാപെൻഷൻ | 1,49,98,600/- |
| വാർദ്ധക്യകാലപെൻഷൻ | 2,62,42,400/- |
| വികലാംഗപെൻഷൻ | 55,45,800/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 3,13,000/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1,80,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-11-2023 ൽ 2.45 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,986-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ILGMS മുഖേന സ്വീകരിച്ചു വരുന്നു. ഗുണഭോക്തൃ വിഹിതം, ഔട്ട് ഡോർ കളക്ഷൻ എന്നിവ പിരിക്കുന്നതിന് രസീത് ബുക്കുകൾ ഉപയോഗിച്ച് വരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും റേഷൻകട ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനും ആഭ്യന്തരനിയന്ത്രണ സംവിധാനം പര്യാപ്തമാണ്. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രാദേശിക കുടിവെള്ള പദ്ധതികളിൽ അഡ്വാൻസായി തുക ഒടുക്കി എങ്കിലും പണി പൂർത്തീകരിച്ചില്ല. കൂടാതെ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/07/2022-21/07/2022 | 4/2021 To 6/2022 | 11/8/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1/1/2018 | 2012-13 To 2016-19 | 21/04/2018 |

1-11 സ്ഥാപന തൊഴിൽനികുതി പൂർണ്ണമായും ഈടാക്കിയില്ല.

തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി ഒടുക്കുവരുത്തിയില്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | കെ.എൻ.എസ്. മെമ്മോറിയൽ സെൻട്രൽ സ്കൂൾ | I & II |
| 2 | മിനി ഫിൻകോർപ്പ്, നെടുമൺകാവ് | I & II |
| 3 | സരസ്വതി വിദ്യാനികേതൻ സ്കൂൾ, വാക്കനാട് | I & II |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 13/25.11.23) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന തൊഴിൽ നികുതി ഒടുക്കാൻ വീഴ്ച വരുത്തിയ സ്ഥാപനങ്ങളിൽ നിന്നും പിഴപ്പലിശയോട് കൂടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയർ രേഖപ്പെടുത്തലുകൾ പ്രകാരം താഴെപ്പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും 31.03.2023 വരെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു.

1. കെട്ടിട നമ്പർ- 8/147

ഉടമസ്ഥന്റെ വിവരം - റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ്

ഈടാക്കാൻ അവശേഷിക്കുന്ന തുക

| വർഷം | അർദ്ധവർഷം | വസ്തു നികുതി (₹) | ലൈ. സെസ് (₹) | ആകെ (₹) |
|---|---|---|---|---|
| 2013 | Ist Half | 2025.00 | 102.00 | 2127.00 |
| 2013 | IInd Half | 2025.00 | 101.00 | 2126.00 |
| 2014 | Ist Half | 2025.00 | 102.00 | 2127.00 |
| 2014 | IInd Half | 2025.00 | 101.00 | 2126.00 |
| 2015 | Ist Half | 2025.00 | 102.00 | 2127.00 |
| 2015 | IInd Half | 2025.00 | 101.00 | 2126.00 |
| 2016 | Ist Half | 2025.00 | 102.00 | 2127.00 |
| 2016 | IInd Half | 2025.00 | 101.00 | 2126.00 |
| 2017 | Ist Half | 2025.00 | 102.00 | 2127.00 |
| 2017 | IInd Half | 2025.00 | 101.00 | 2126.00 |
| 2018 | Ist Half | 2025.00 | 102.00 | 2127.00 |
| 2018 | IInd Half | 2025.00 | 101.00 | 2126.00 |

| | | | | |
|---|---|---|---|---|
| 2019 | Ist Half | 2025.00 | 102.00 | 2127.00 |
| 2019 | IInd Half | 2025.00 | 101.00 | 2126.00 |
| 2020 | Ist Half | 2025.00 | 102.00 | 2127.00 |
| 2020 | IInd Half | 2025.00 | 101.00 | 2126.00 |
| 2021 | Ist Half | 2025.00 | 102.00 | 2127.00 |
| 2021 | IInd Half | 2025.00 | 101.00 | 2126.00 |
| 2022 | Ist Half | 2025.00 | 102.00 | 2127.00 |
| 2022 | IInd Half | 2025.00 | 101.00 | 2126.00 |
| | | | ആകെ | 42,530/- |

2. കെട്ടിട നമ്പർ- 8/689

ഉടമസ്ഥന്റെ വിവരം - എയർസെൽ ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ്

ഈടാക്കാൻ അവശേഷിക്കുന്ന തുക

| വർഷം | അർദ്ധവർഷം | വസ്തു നികുതി (₹) | ലൈ. സെസ് (₹) | ആകെ (₹) |
|---|---|---|---|---|
| 2013 | Ist Half | 5500.00 | 275.00 | 5775.00 |
| 2013 | IInd Half | 5500.00 | 275.00 | 5775.00 |
| 2014 | Ist Half | 5500.00 | 275.00 | 5775.00 |
| 2014 | IInd Half | 5500.00 | 275.00 | 5775.00 |
| 2015 | Ist Half | 5500.00 | 275.00 | 5775.00 |
| 2015 | IInd Half | 5500.00 | 275.00 | 5775.00 |
| 2016 | Ist Half | 5500.00 | 275.00 | 5775.00 |
| 2016 | IInd Half | 5500.00 | 275.00 | 5775.00 |
| 2017 | Ist Half | 5500.00 | 275.00 | 5775.00 |
| 2017 | IInd Half | 5500.00 | 275.00 | 5775.00 |
| 2018 | Ist Half | 5500.00 | 275.00 | 5775.00 |
| 2018 | IInd Half | 5500.00 | 275.00 | 5775.00 |
| 2019 | Ist Half | 5500.00 | 275.00 | 5775.00 |
| 2019 | IInd Half | 5500.00 | 275.00 | 5775.00 |
| 2020 | Ist Half | 5500.00 | 275.00 | 5775.00 |

| | | | | |
|---|---|---|---|---|
| 2020 | IInd Half | 5500.00 | 275.00 | 5775.00 |
| 2021 | Ist Half | 5500.00 | 275.00 | 5775.00 |
| 2021 | IInd Half | 5500.00 | 275.00 | 5775.00 |
| 2022 | Ist Half | 5500.00 | 275.00 | 5775.00 |
| 2022 | IInd Half | 5500.00 | 275.00 | 5775.00 |
| | | | ആകെ | 1,15,500/- |

3. കെട്ടിട നമ്പർ- 17/411

ഉടമസ്ഥന്റെ വിവരം - റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ്

ഈടാക്കാൻ അവശേഷിക്കുന്ന തുക

| വർഷം | അർദ്ധവർഷം | വസ്തു നികുതി (₹) | ലൈ. സെസ് (₹) | ആകെ (₹) |
|---|---|---|---|---|
| 2016 | Ist Half | 72.00 | 4.00 | 76.00 |
| 2016 | IInd Half | 13832.00 | 692.00 | 14524.00 |
| 2017 | Ist Half | 13833.00 | 692.00 | 14525.00 |
| 2017 | IInd Half | 13832.00 | 692.00 | 14524.00 |
| 2018 | Ist Half | 13833.00 | 692.00 | 14525.00 |
| 2018 | IInd Half | 13832.00 | 692.00 | 14524.00 |
| 2019 | Ist Half | 13833.00 | 692.00 | 14525.00 |
| 2019 | IInd Half | 13832.00 | 692.00 | 14524.00 |
| 2020 | Ist Half | 13833.00 | 692.00 | 14525.00 |
| 2020 | IInd Half | 13832.00 | 692.00 | 14524.00 |
| 2021 | Ist Half | 13833.00 | 692.00 | 14525.00 |
| 2021 | IInd Half | 13832.00 | 692.00 | 14524.00 |
| 2022 | Ist Half | 13833.00 | 692.00 | 14525.00 |
| 2022 | IInd Half | 13832.00 | 692.00 | 14524.00 |
| | | | ആകെ | 1,88,894.00 |

4. കെട്ടിട നമ്പർ- 16/993

ഉടമസ്ഥന്റെ വിവരം -സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്

ഈടാക്കാൻ അവശേഷിക്കുന്ന തുക

| വർഷം | അർദ്ധ വർഷം | വസ്തു നികുതി (₹) | ലൈ. സെസ് (₹) | ആകെ (₹) |
|---|---|---|---|---|
| 2022-2023 | Ist Half | 8487.00 | 425.00 | 8912.00 |
| 2022-2023 | IInd Half | 8487.00 | 424.00 | 8911.00 |
| | | | ആകെ | 17,823/- |

മേൽവിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12/25.11.2023 ന് മറുപടി ലഭ്യമാക്കിയില്ല. നികുതി ഒടുക്കിയതിൽ വീഴ്ച വരുത്തിയവർക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 210, 1996 ലെ

കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിയമ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. മേൽപരാമർശിച്ച കെട്ടിടങ്ങളിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന വസ്തുനികുതിയും പിഴപലിശയും ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-13 തനത് വരുമാനം-അവലോകനം

വസ്തുനികുതി പരിഷ്കരണ നടപടികൾ

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻവർഷം പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ 5% സഞ്ചയയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുണ്ടെങ്കിലും അതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിൽ മാത്രമാണ്.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി വിവിധതരം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ഭരണസമിതി യോഗം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

4. ഫീൽഡ്തല പരിശോധനകൾ

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ

കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1)ൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കുലർ RB3/178/2020 ത.സ്വ.ഭ.വ. തീയതി 20/06/22 പ്രകാരമുള്ള ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടില്ല. ആയത് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

വസ്തുനികുതി രജിസ്റ്ററിലെയും സഞ്ചയ സോഫ്റ്റ്‌വെയറിലെയും രേഖപ്പെടുത്തലുകൾ തമ്മിൽ നാമമാത്രമായ വ്യത്യാസം മാത്രമാണുള്ളത്.

ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.

അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ആയതിനാൽ ക്രമവത്കരണം സംബന്ധിച്ച അപേക്ഷകളിലെ തീർപ്പാക്കലും പുരോഗതിയും പരിശോധിക്കാൻ സാധിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ കെട്ടിടങ്ങളിൽ നിന്നും സേവന ഉപനികുതി ഈടാക്കുന്നില്ല.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ മേഖലകളിൽ പണിയെടുക്കുന്ന സ്വയംതൊഴിലിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

### 1-14 ഗുണഭോക്താവിന് ധനസഹായം ആവർത്തിച്ച് നൽകി.

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 6 (കക്കൂസ് നവീകരണം) പദ്ധതിയിൽ ഉൾപ്പെട്ട ശ്രീമതി ജലജകുമാരി, കോയിക്കൽ പുത്തൻവീട് എന്ന ഗുണഭോക്താവിന് ശുചിത്വ മിഷൻ വിഹിതമായ 5,000/- രൂപ രണ്ടു പ്രാവശ്യം അനുവദിച്ചു (ചെക്ക് നമ്പർ 629322/6-3-23, ചെക്ക് നമ്പർ 629331/30-3-23).

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 4/23-11-23) നൽകിയതിനെ തുടർന്ന് 5,000/- രൂപ അധികം കൈപ്പറ്റിയ ഗുണഭോക്താവ് തുക കരീപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കൈവശമുള്ള എസ്.ബി.ഐ. അക്കൗണ്ടിൽ അടവാക്കി. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 4/23-11-23.

### 1-15 പ്രാദേശിക കുടിവെള്ള പദ്ധതികൾ-അഡ്വാൻസായി തുക ഒടുക്കിയെങ്കിലും പണി പൂർത്തീകരിച്ചില്ല.

വിവിധ പ്രദേശങ്ങളിൽ പ്രാദേശിക കുടിവെള്ള പദ്ധതികൾക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ അഡ്വാൻസായി തുക ഒടുക്കിയെങ്കിലും പണി പൂർത്തീകരിച്ചില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 7/23 |
| പ്രോജക്ട് | വിവിധ പ്രദേശങ്ങളിൽ പ്രാദേശിക കുടിവെള്ള പദ്ധതികൾ |
| അടങ്കൽ | 25,87,720/-രൂപ |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 21,66,293/-രൂപ |

വിവിധ പ്രദേശങ്ങളിൽ പ്രാദേശിക കുടിവെള്ള പദ്ധതികളുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എസ്റ്റിമേറ്റ് പ്രകാരമുള്ള തുകകൾ (₹) | ബിൽ നമ്പർ |
|---|---|---|
| ഗുരുനാഥൻ മുകൾ കുഴൽ കിണർ | 7,61,550/- | XVFC/2022-23/P/10/ 9-1-23 |
| മടന്തക്കോട് കുഴൽ കിണർ | 7,61,550/- | |
| തൃപ്പലഴികം, തലവൂർകോണം കുഴൽ കിണർ മോട്ടോർ സ്ഥാപിക്കൽ | 6,43,193/- | XVFC/2022-23/P/21/ 31-01-23 |

കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 21,66,293/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗസാക്ഷ്യപത്രവും സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 21,66,293/-

ഓഡിറ്റ് എൻക്വയറി നമ്പർ – 8/24-11-23

## 1-16 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - വിനിയോഗസാക്ഷ്യപത്രവും പൂർത്തീകരണസാക്ഷ്യപത്രവും ഹാജരാക്കിയില്ല.

സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലിന് അഡ്വാൻസായി തുക നൽകിയെങ്കിലും പണി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രവും പൂർത്തീകരണസാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | | |
| പ്രോജക്ട് നമ്പർ | 240/23 | | |
| പ്രോജക്ട് | വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | | |
| അടങ്കൽ | 13,05,760/-രൂപ | | |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| ചെലവ് | 13,05,760/-രൂപ | | |
| ബിൽ നമ്പർ | XVFC/2022-23/P/43/ 27-3-23 | 5,00,000/-രൂപ | കെ.എസ്.ഇ.ബി. പെരുമ്പുഴ |
| | | 3,05,760/-രൂപ | കെ.എസ്.ഇ.ബി. എഴുകോൺ |
| | XVFC/2022-23/P/55/ 31-3-23 | 5,00,000/-രൂപ | കെ.എസ്.ഇ.ബി. നല്ലില |

പ്രസ്തുത പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ ലഭ്യമാക്കിയ എസ്റ്റിമേറ്റുകൾ താഴെ പറയും പ്രകാരം ആണ് .

| തുക നൽകിയ സ്ഥാപനം | എഗ്രിമെന്റ് പ്രകാരമുള്ള തുക (₹) | നൽകിയ തുക (₹) |
|---|---|---|
| കെ.എസ്.ഇ.ബി. പെരുമ്പുഴ | 50,39,257/- | 5,00,000/- |
| കെ.എസ്.ഇ.ബി. എഴുകോൺ | 19,88,968/- | 3,05,760/- |
| കെ.എസ്.ഇ.ബി. നല്ലില | 23,36,636/- | 5,00,000/- |

പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വലിയ തുകയുടെ എസ്റ്റിമേറ്റ് ലഭിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം പെരുമ്പുഴ ഡിവിഷനിൽ 1662 മീ. ദൂരവും എഴുകോൺ ഡിവിഷനിൽ 1536 മീ. ദൂരവും നല്ലില ഡിവിഷനിൽ 1860 മീ. ദൂരവും സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 13,05,760/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണസാക്ഷ്യപത്രവും വിനിയോഗസാക്ഷ്യപത്രവും സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 7/23-11-23.

തടസ്സപ്പെടുത്തിയ തുക 13,05,760/-രൂപ.

## 1-17 ഹരിത കർമ്മസേന

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും ഹരിത കർമ്മസേന പ്രവർത്തിച്ചുവരുന്നുണ്ട്. പതിനെട്ട് വാർഡുകളിലായി 7995 വാസഗൃഹങ്ങളും 392 വാണിജ്യ കെട്ടിടങ്ങളും നിലവിലുണ്ട്. ഈ കെട്ടിടങ്ങളിൽ മുഴുവനായും ക്യൂ.ആർ. കോഡ് പതിപ്പിക്കുകയും ഹരിതകർമ്മസേന പ്രവർത്തനത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ വാർഡിലും രണ്ട് വീതം ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിച്ചു വരുന്നു. എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ പ്രവർത്തിച്ചു വരുന്നു. നിലവിൽ എം.സി.എഫ്. കെട്ടിടം ഉണ്ട്. കൂടാതെ പുതിയതായി ഒരു കെട്ടിടം

നിർമ്മിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

നിലവിൽ ബെയിലിംഗ്, ഷ്രെഡിംഗ് യൂണിറ്റുകൾ ഇല്ല. ആയത് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മാലിന്യ നിർമ്മാർജ്ജനത്തിന് പാൻഡാസ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ സ്ഥാപനം കൃത്യമായി മാലിന്യം നീക്കം ചെയ്തുവരുന്നു. ഹരിതകർമ്മ സേനാംഗങ്ങൾക്ക് നിലവിൽ പ്രതിമാസം ശരാശരി 7,755/-രൂപ നിരക്കിൽ വരുമാനം ലഭിച്ചു വരുന്നു. ഹരിത കർമ്മസേനയ്ക്കായി വാഹനം, ഓഫീസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഹരിത കർമ്മസേനാ പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് കൃത്യമായി നടന്നു വരുന്നു. ഇതിനായി എല്ലാ മാസവും കൃത്യമായി ക്ലസ്റ്റർ മീറ്റിംഗും പഞ്ചായത്തുതല മീറ്റിംഗും നടത്താറുണ്ട്.

ഹരിതകർമ്മസേന കലണ്ടർ പ്രകാരം കൃത്യമായി മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നുണ്ടെന്നും യഥാസമയം ഏജൻസികൾക്ക് കൈമാറുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.

1-18 പാറക്വാറികൾ ശുചീകരിച്ച് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ-പദ്ധതി പ്രവർത്തനക്ഷമമായില്ല

പാറക്വാറികൾ ശുചീകരിച്ച് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ എന്ന പദ്ധതിയ്ക്കായി കുടവട്ടൂർ പാറമുക്ക് കൾച്ചിറ ക്വാറിയിൽ കുടിവെള്ള പദ്ധതി സ്ഥാപിക്കാനായി അനർട്ടിന് തുക നൽകിയെങ്കിലും നാളിതുവരെ പണി നടന്നിട്ടില്ല. പദ്ധതി വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 227/23 |
| പ്രോജക്ട് | കരീപ്ര ഗ്രാമപഞ്ചായത്ത് പാറക്വാറികൾ ശുചീകരിച്ച് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ |
| അടങ്കൽ | 5,00,000/-രൂപ |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 5,00,000/-രൂപ |
| ബിൽ വിവരങ്ങൾ | XVFC/2022-23/P/5/29-12-22 |

പദ്ധതിയ്ക്കായി അനർട്ടിന് തുക നൽകിയെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 24/11/2023 ലെ വിനിയോഗസാക്ഷ്യപത്രം പ്രകാരം 4,46,454/- രൂപ ചെലവഴിച്ചതായും ബാക്കി തുക (53,546/-രൂപ) അനർട്ട് ജില്ലാ കാര്യാലയത്തിന്റെ അക്കൗണ്ടിൽ ഉണ്ടെന്നും നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ആയത് തിരികെ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. എന്നാൽ പണി പൂർത്തീകരിച്ച പദ്ധതി കമ്മീഷൻ ചെയ്തതിന്റെയും കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. തിരികെ ലഭിക്കാനുള്ള 53,546/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക ലഭ്യമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 9/24-11-23.

തടസ്സപ്പെടുത്തിയ തുക – 53,546/-രൂപ.

1-19 ഒരേ ഗുണഭോക്താക്കൾക്ക് രണ്ട് തവണ തുക നൽകി

ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ പ്രോജക്ട് നം. 6, ലാട്രിൻ കൺസ്ട്രക്ഷൻ (ഒ.ഡി.എഫ്.) എന്ന പദ്ധതി പ്രകാരം 09 ഗുണഭോക്താക്കൾക്ക് 4,240/- രൂപ നിരക്കിൽ രണ്ട് തവണ തുക അനുവദിച്ചു. ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക (₹) | വിവരണം |
|---|---|---|
| XVFC/2022-23/P/15/ 17-01-23 | 42400/- | First Instalment Of 10 Beneficiaries Of Odf |
| XVFC/2022-23/P/17/ 17-01-23 | 63600/- | First Instalment Of 15 Beneficiaries Of Odf |

അപ്രൂവ് ചെയ്ത മേൽ ബില്ലുകൾ സാങ്കേതിക കാരണങ്ങളാൽ ക്യാൻസലേഷൻ വൗച്ചർ ഉപയോഗിച്ച് ക്യാൻസൽ

ചെയ്യുന്നെങ്കിലും ബാങ്കിൽ നിന്നും താഴെ പറയുന്ന 09 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ആയിക്കഴിഞ്ഞിരുന്നു.

| ക്രമ നം. | ഗുണഭോക്താവ് |
|---|---|
| 1 | ശ്രീമതി ശാന്ത, കുറ്റിക്കാട്ടു പടിഞ്ഞാറ്റതിൽ |
| 2 | ശ്രീമതി രജനി, ചിന്നൂസ് |
| 3 | ശ്രീമതി സുമതി, ചരുവിള വീട് |
| 4 | ശ്രീമതി ബീന ഷാജി, സ്വാതിഭവൻ |
| 5 | ശ്രീമതി സുബ, സംഗീത ഭവൻ |
| 6 | ശ്രീമതി രേണുക, മനീഷ് ഭവൻ |
| 7 | ശ്രീമതി ശ്യാമളയമ്മ, സിന്ധുഭവനം |
| 8 | ശ്രീമതി രമ, കൊച്ചുവിള വീട് |
| 9 | ശ്രീ. അനിരുദ്ധൻ, അനുരാധഭവൻ |

ആയത് പരിഗണിക്കാതെ 08.02.2023 ലെ XVFC/2022-23/P/26 നമ്പർ ബിൽ പ്രകാരമുള്ള 67,840/-രൂപയിൽ നിന്ന് മേൽ പറഞ്ഞ 09 ഗുണഭോക്താക്കൾക്ക് വീണ്ടും 4,240/-രൂപ നിരക്കിൽ തുക നൽകി. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ആയതിനാൽ ഈയിനത്തിൽ അധികം ചെലവഴിച്ച 38,160/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 5/23-11-2023.
നിരാകരിച്ച തുക – 38,160/-രൂപ.

## 1-20 തെരുവുവിളക്ക് വൈദ്യുതി ചാർജ്ജ് - ഉപയോഗത്തിലില്ലാത്ത സാധാരണ ബൾബുകൾക്ക് കറണ്ട് ചാർജ്ജ് നൽകി.

തെരുവ് വിളക്കുകൾക്കു വേണ്ടി ഉപയോഗത്തിലില്ലാത്ത സാധാരണ ബൾബുകൾക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ മാസം തോറും തുക നൽകുന്നതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തുക (₹) |
|---|---|
| 300506/18-4-22 | 2,35,402/- |
| 301102/16-5-22 | 2,35,402/- |
| 301490/10-6-22 | 2,35,402/- |
| 301940/8-8-22 | 2,77,440/- |
| 301916/12-9-22 | 2,54,768/- |
| 302394/15-10-22 | 2,54,768/- |
| 302427/10-11-22 | 2,54,911/- |
| 302502/8-12-22 | 2,54,911/- |
| 302518/16-12-22 | 2,54,911/- |
| 302547/13-1-23 | 2,54,911/- |
| 1297261/9-2-23 | 2,54,911/- |
| 1297267/9-3-23 | 2,59,067/- |

തെരുവു വിളക്കുകളുടെ കറണ്ട് ചാർജ്ജ് ഒടുക്കുന്നത് സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 08 സാധാരണ ബൾബുകൾക്കായി താഴെ പറയും പ്രകാരം കറണ്ട് ചാർജ്ജ് പ്രതിമാസം നൽകിയിരിക്കുന്നു.

| വാട്ട് | എണ്ണം | നിരക്ക് (₹) | തുക (₹) |
|---|---|---|---|
| 40 | 8 | 79 | 632/- |

നിലവിൽ ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കിനു വേണ്ടി സാധാരണ ബൾബുകൾ വാങ്ങുകയോ പരിപാലനത്തിന് തുക നൽകുകയോ ചെയ്യുന്നില്ല. ആയതിനാൽ സാധാരണ ബൾബുകൾക്ക് കറണ്ട് ചാർജ് ഇനത്തിൽ തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽപ്രകാരം പ്രതിമാസം 632/-രൂപാ നിരക്കിൽ 12 മാസത്തേക്ക് ചെലവഴിച്ച 7,584/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക തുടർബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്തു വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 15/25-11-23

തടസ്സപ്പെടുത്തിയ തുക 7,584/-രൂപ

## 1-21 ഹരിത കർമ്മസേന വാഹനം വാങ്ങൽ - വാങ്ങിയ വാഹനം നാളിതുവരെ ഉപയോഗിച്ചിട്ടില്ല

ഹരിത കർമ്മസേന വാഹനം വാങ്ങിയെങ്കിലും നാളിതുവരെ ആയത് ഉപയോഗിച്ചിട്ടില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 9/23 |
| പ്രോജക്ട് | ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ |
| അടങ്കൽ | 9,00,000/-രൂപ |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 6,87,376/-രൂപ |
| ബിൽ നമ്പർ | XVFC/2022-23/P/32/ 24-2-23 |
| ടാക്സ് ഇൻവോയ്സ് നമ്പർ | IN012322702508201/ 21-2-23 |

മഹീന്ദ്രയുടെ ഏജൻസിയായ SLEEBA & SONS, Trivandrum വഴി വാങ്ങിയ ഈ വാഹനം നാളിതുവരെ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ആയത് എക്സ്ട്രാ ഫിറ്റിംഗ്സ് നടത്താനായി ഇട്ടിരിക്കുകയാണെന്നാണ് അറിയിച്ചത്. വാഹനം വാങ്ങി 10 മാസത്തോളം കഴിഞ്ഞിട്ടും എക്സ്ട്രാ ഫിറ്റിംഗ്സ് നടത്താത്തതിനാലാണ് ഉപയോഗിക്കാത്തത് എന്ന മറുപടി യുക്തിക്ക് നിരക്കുന്നതല്ല. വാഹനം എത്രയും വേഗം ഉപയോഗപ്രദമാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

2022-23 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 7,78,27,750/-രൂപ വകയിരുത്തി 150150 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 124036 തൊഴിൽ ദിനങ്ങൾ (82.6%) സൃഷ്ടിക്കാൻ കഴിഞ്ഞതായി കാണുന്നു. വിവിധ പ്രവൃത്തികൾക്കായി 4,90,66,010/- രൂപ ചെലവഴിച്ചിട്ടുണ്ട് (വകയിരുത്തിയ തുകയുടെ 63.04%). 100 ദിനം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം 831 ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | മണ്ണ്/ജലസംരക്ഷണ പ്രവൃത്തികൾ | 148 | 58 | 55 | 3 | 37.16 |
| 2 | വ്യക്തിഗത പ്രവൃത്തികൾ | 738 | 93 | 86 | 7 | 11.65 |

| | | | | | | |
|---|---|---|---|---|---|---|
| 3 | റോഡ് കോൺക്രീറ്റ് | 75 | 6 | 5 | 1 | 6.66 |
| 4 | ഫാം പോണ്ട് | 18 | 1 | 1 | -- | 5.55 |
| 5 | വൃക്ഷത്തൈ നടീൽ | 18 | 7 | 7 | -- | 38.88 |
| 6 | തരിശ് ഭൂമി, നിലം, സംഘകൃഷി | 18 | 2 | 2 | -- | 11.11 |
| 7 | തോട്/നീർച്ചാൽ | 30 | 18 | 15 | 3 | 50 |
| 8 | ലൈഫ് ഭവനനിർമ്മാണം | 180 | 27 | 21 | 6 | 11.66 |
| 9 | തീറ്റപ്പുൽ | 18 | 10 | 10 | -- | 55.55 |
| ആകെ | | | | | 20 | |

പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/24.11.23) ലഭ്യമാക്കിയ മറുപടിയിൽ മെറ്റീരിയൽ ഫണ്ട് ലഭിക്കാത്തതുകൊണ്ടാണ് പ്രവൃത്തികളുടെ ചെലവ് തുക കൈമാറി പൂർത്തീകരിക്കാത്തതെന്നും, ആയത് അനുവദിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതുമാണെന്ന് അറിയിച്ചു. അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യം സമയബന്ധിതമായി കൈവരിക്കാനുള്ള കാര്യക്ഷമമായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

1-23 MGNREGS- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി-2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തില്ല.

2017-ലെ സെൻട്രൽ ഗുഡ്സ് & സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് & കസ്റ്റംസ്-ന്റെ 13.9.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.9.2018-ലെ സർക്കുലർ നം. 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% GST സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടയ്ക്കേണ്ടതുണ്ട്. 30.7.2019-ലെ സർക്കുലർ നം. 957/EGSC/16/REGS പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2,50,000/- രൂപയിൽ കൂടുതലാണെങ്കിൽ GST 2% ഉത്ഭവത്തിൽ കുറവ് ചെയ്യേണ്ടതാണ്. എന്നാൽ 2022-23 ൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ അപ്രകാരം ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | റ്റി.ഡി.എസ്. ആയി ഈടാക്കേണ്ട ജി.എസ്.റ്റി. 2% (₹) |
|---|---|---|
| 1 | RC/358485<br>അയണിവേലിൽ ഭാഗം മുതൽ തെക്കേ തെങ്ങുവിള ഭാഗം റോഡ് കോൺക്രീറ്റിംഗ് (വാർഡ്-3)<br>കരാറുകാരൻ- ശ്രീ. വേണുഗോപാൽ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക-3,37,910/- രൂപ. | 6,758/- |
| 2 | RC/362369<br>കടിയ്ക്കോട് കൊച്ചുതെക്കേതിൽ പൊയ്കയിൽ റോഡ് കോൺക്രീറ്റിംഗ്(വാർഡ്-14)<br>കരാറുകാരൻ- ശ്രീ. വേണുഗോപാൽ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക-3,30,222/- രൂപ. | 6,604/- |
| 3 | RC/347727<br>ചൊവ്വള്ളൂർ കലംപോട്ടിവിള പാലക്കോട്ട് റോഡ് കോൺക്രീറ്റിംഗ്(വാർഡ്-2)<br>കരാറുകാരൻ- ശ്രീ. സന്തോഷ്<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക-3,73,829/- രൂപ. | 7,477/- |

| | | |
|---|---|---|
| | ആകെ | 20,839/- |

മേൽപ്രകാരമുള്ള തുക ബില്ലിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/24.11.23) ലഭ്യമാക്കിയ മറുപടിയിൽ തുക ഉടൻ തന്നെ കരാറുകാരനെ കൊണ്ട് തിരിച്ചടപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-24 പൂർത്തീകരണ കാലാവധി ദീർഘിച്ചതിന് പിഴ ഈടാക്കിയില്ല

കരാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ KPWD Manual 2012 ( G.O.(P) No. 13/2012/PWD തീ.- 1.2.2012), സെക്ഷൻ 2116.1 പ്രകാരം, Compensation For Delay/Liquidated Charges (PAC തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമേ കരാറുകാരന് തുക അനുവദിക്കാവൂ. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിനു മുൻപായി നൽകേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന, പൂർത്തീകരണ കാലാവധി ദീർഘിച്ച പ്രവൃത്തികളിൽ ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കാതെ അന്തിമ ബിൽ അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | 18/23 (Spill Over Of 65/22) |
| പ്രോജക്ടിന്റെ പേര് | PKV സാംസ്കാരികനിലയം മെയിന്റനൻസ് |
| നിർവ്വഹണം | അസി.എഞ്ചിനീയർ, LSGD. |
| അടങ്കൽ തുക | 2,00,000/-രൂപ (MGNR) |
| കരാറുകാരൻ | ശ്രീ. ഗണേശൻ എസ്. ( 10% കുറവ്) |
| എഗ്രിമെന്റ് നം/തീയതി | 67/AE/LSGD/KPA/21-22/25.2.2022 |
| ബിൽ നം./തീയതി, തുക | ബിൽ നം. 17/22-23തീ-25.1.23 -1,50,926/- രൂപ |
| എം. ബുക്ക് നമ്പർ | 77/21-22 |
| പി.എ.സി. | 1,60,052.58 രൂപ |

പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 25.2.2022-ലാണ്. ഈ തീയതി പ്രവൃത്തി ആരംഭിച്ച തീയതിയായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 4 മാസമാണ്. അതായത്, പ്രവൃത്തി 24.6.2022-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിച്ചത് 31.12.22ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 25.6.22 To 31.12.22= 190 ദിവസം.

പിഴ = 160052.58x(0.1/100)x(190/7) = 4,344/-രൂപ.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | 15/23 (Spill Over Of 16/22) |
| പ്രോജക്ടിന്റെ പേര് | കരീപ്ര ചപ്പാത്ത് ചിറക്കടവ് അങ്കണവാടി റോഡ് കോൺക്രീറ്റിംഗ് |
| നിർവ്വഹണം | അസി.എഞ്ചിനീയർ, LSGD. |
| അടങ്കൽ തുക | 3,50,000/-രൂപ (MGR) |
| കരാറുകാരൻ | ശ്രീ. ദിനേശൻ സി.ജി. (3,12,294.16) |
| എഗ്രിമെന്റ് നം/തീയതി | 23/AE/LSGD/KPA/21-22/14.9.2021 |
| ബിൽ നം./തീയതി, തുക | ബിൽ നം. 12/22-23തീ-19.9.22-3,19,208/- രൂപ |
| എം. ബുക്ക് നമ്പർ | 73/21-22 |
| പി.എ.സി. | 3,12,294.16 രൂപ |

പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 14.9.2021-ലാണ്. ഈ തീയതി പ്രവൃത്തി ആരംഭിച്ച തീയതിയായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 4 മാസമാണ്. അതായത്, പ്രവൃത്തി 13.1.2022-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിച്ചത് 20.4.22ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 14.1.22 To 20.4.22= 97 ദിവസം.

പിഴ= 312294.16x(0.1/100)x(97/7) = 4,328/-രൂപ.

3)

| | |
|---|---|
| പ്രോജക്ട് നമ്പർ | 27/23 (Spill Over Of 224/22) |
| പ്രോജക്ടിന്റെ പേര് | MN സ്മാരക ലൈബ്രറി നവീകരണം |
| നിർവ്വഹണം | അസി. എഞ്ചിനീയർ, LSGD. |
| അടങ്കൽ തുക | 3,00,000/-രൂപ (MGNR-255085+0wn Fund-44915) |
| കരാറുകാരൻ | ശ്രീ. ശശികുമാർ (എസ്റ്റിമേറ്റ് നിരക്ക്) |
| എഗ്രിമെന്റ് നം/തീയതി | 48/AE/LSGD/KPA/21-22/11.11.2021 |
| ബിൽ നം./തീയതി, തുക | ബിൽ നം. 11/22-23തീ-31.8.22- 2,54,235/- രൂപ |
| എം. ബുക്ക് നമ്പർ | 64/22 |
| പി.എ.സി. | 2,67,566/- രൂപ. |

പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 11.11.2021-ലാണ്. ഈ തീയതി പ്രവൃത്തി ആരംഭിച്ച തീയതിയായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 4 മാസമാണ്. അതായത്, പ്രവൃത്തി 10.3.2022-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിച്ചത് 18.6.22ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 11.3.22 To 18.6.22= 100ദിവസം.

പിഴ= 267566x(0.1/100)x(100/7) = 3,822/-രൂപ.

4)

| | |
|---|---|
| പ്രോജക്ട് നമ്പർ | 23/23 (Spill Over Of 106/22) |
| പ്രോജക്ടിന്റെ പേര് | പ്ലാക്കോട് അംഗൻവാടി മെയിന്റനൻസ് |
| നിർവ്വഹണം | അസി. എഞ്ചിനീയർ, LSGD. |
| അടങ്കൽ തുക | 4,90,000/-രൂ.(MGNR) |
| കരാറുകാരൻ | ശ്രീ. അനീഷ് ആർ.എസ്.( എസ്റ്റിമേറ്റ് നിരക്ക്) |
| എഗ്രിമെന്റ് നം./തീയതി | 54/AE/LSGD/KPA/21-22/16.11.2021 |
| ബിൽ നം./തീയതി, തുക | ബിൽ നം. 18/22-23തീ-27.2.23- 4,75,408/- രൂപ |
| എം. ബുക്ക് നമ്പർ | 80/21-22 |
| പി.എ.സി. | 4,37,062.34 രൂപ. |

പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 16.11.2021-ലാണ്. ഈ തീയതി പ്രവൃത്തി ആരംഭിച്ച തീയതിയായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 4 മാസമാണ്. അതായത്, പ്രവൃത്തി 15.3.2022-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിച്ചത് 24.1.23ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 16.3.22 To 24.1.23 = 315ദിവസം.

പിഴ= 437062.34x(0.1/100)x(315/7) = 19,668/-രൂപ.

ക്രമ നം. (1), (2), (3), (4) എന്നിവ പ്രകാരമുള്ള 32,162/- രൂപ (4344+4328+3822+19668=32162) കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/24.11.23) തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

ഓഡിറ്റ് എൻക്വയറി നം. 10/24.11.23.

## 1-25 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ പൂർത്തീകരിച്ചില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 ൽ വിഭാവനം ചെയ്ത പ്രോജക്ടിന് (പ്രോജക്ട് നം. 245/22) തനതുഫണ്ടിൽ നിന്നും 54,000/- രൂപ അടങ്കൽ നിശ്ചയിച്ചിരുന്നു. 2021-22 ൽ പ്രോജക്ടിനായി 37,000/- രൂപ ചെലവഴിച്ചു. തുടർന്ന് 2022-23 ൽ പ്രോജക്ട് സ്പിൽ ഓവറാക്കി, (പ്രോജക്ട് നം. 28/23) 17,000/- രൂപ തനതുഫണ്ടിൽ നിന്നും അടങ്കൽ വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചില്ല. പിന്നീട് 2023-24-ൽ പ്രോജക്ട് സ്പിൽ ഓവറാക്കി, (പ്രോജക്ട് നം. 136/24) 17,000/- രൂപ തനതുഫണ്ടിൽ നിന്നും അടങ്കൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 2023-24 വർഷം നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

1 മുതൽ 18 വരെയുള്ള വാർഡുകളിലെ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് ആർ-ട്രാക്ക് ആപ്പിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയാണ് വാർഡൊന്നിന് 3,000/- രൂപ ക്രമത്തിൽ 54,000/- രൂപ വകയിരുത്തിയത്. പദ്ധതിക്കായി ആകെ 37,000/- രൂപയാണ് ചെലവഴിച്ചത്. എന്നാൽ പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/24.11.23) നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറിൽ ഉണ്ടായ അപാകത മൂലം വെരിഫിക്കേഷൻ പൂർത്തിയായിട്ടില്ലെന്നും ആയത് പരിഹരിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതുമാണെന്ന് അറിയിച്ചു. പദ്ധതി എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ഇ-ടെണ്ടർ ഫാറവില പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കണം.

ഇ- ടെണ്ടർ ഫാറ വില ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതും, കരീപ്ര ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുള്ളതുമായ തുകയുടെ വിവരം അസി. എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ളത് ചുവടെ ചേർക്കുന്നു.

| വർഷം | തുക (₹) |
|---|---|
| 2014-15 | 6,300/- |
| 2015-16 | 18,600/- |
| 2016-17 | 23,360/- |
| 2017-18 | 52,300/- |
| 2018-19 | 42,090/- |
| 2019-20 | 1,85,295/- |
| 2020-21 | 1,26,365/- |
| 2021-22 | 1,44,511/- |
| ആകെ | 5,98,821/- |

അസി. എഞ്ചീനീയറുടെ (LSGD) അക്കൗണ്ടിൽ (A/c No. 41221613524, SBI, PSB കുണ്ടറ ശാഖ) ഈയിനത്തിൽ 27.10.2023-ലെ നീക്കിയിരിപ്പ് 1,75,372.58 രൂപയാണ്.

ഇ- ടെണ്ടർ ഫാറ വില ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലും, അസി. എഞ്ചീനീയറുടെ (LSGD) അക്കൗണ്ടിലും അവശേഷിക്കുന്ന തുകകൾ എത്രയും വേഗം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 10/24.11.23) മറുപടിയിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലും, അസി. എഞ്ചീനീയറുടെ (LSGD) അക്കൗണ്ടിലും അവശേഷിക്കുന്ന തുകകൾ എത്രയും വേഗം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-27 റിവൈസ്ഡ് എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയിൽ പരിമിതപ്പെടുത്താതെ അധിക അളവിന് തുക അനുവദിച്ചു- നിരാകരിക്കുന്ന തുക- 990/- രൂപ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 23/23 (106/22-ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | പ്ലാക്കോട് അംഗൻവാടി മെയിന്റനൻസ് |
| നിർവ്വഹണം | അസി. എഞ്ചിനീയർ, LSGD. |
| അടങ്കൽ തുക | 4,90,000/-രൂപ (MGNR) |
| കരാറുകാരൻ | ശ്രീ. അനീഷ് ആർ.എസ്. (എസ്റ്റിമേറ്റ് നിരക്ക്) |
| എഗ്രിമെന്റ് നം/തീയതി | 54/AE/LSGD/KPA/21-22/16.11.2021 |
| ബിൽ നം./തീയതി, തുക | 18/22-23/27.2.2023 , 4,75,408/-രൂപ |
| എം. ബുക്ക് നമ്പർ | 80/21-22 |

മേൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം 2.6, സ്പെസിഫിക്കേഷൻ കോഡ് 50.6.1.2 പ്രകാരം " Solid Block Masonry Using Precast Solid Blocks (Factory Made) Of Size 40x20x20 Cm Or Nearest Available Size...........in CM 1:6...." എന്ന ഇനം 4.255m$^3$ @ 5720.38/m$^3$ = 24,339.07 രൂപ (Approx) വകയിരുത്തി. എന്നാൽ പ്രസ്തുത ഇനത്തിന്റെ അളവ് റിവൈസ്ഡ് എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയായ 4.255 M$^3$-ൽ പരിമിതപ്പെടുത്താതെ 4.4278 M$^3$ @ 5720.38/m$^3$= 25,328.69 രൂപ കരാറുകാരന് അനുവദിച്ചിരിക്കുന്നു (എം.ബുക്ക് പേജ് നം.15, 19, 70).

കരാറുകാരന് അധികം നൽകിയ തുക = 25328.69-24339.07=990/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ, കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 10/24.11.23) മറുപടിയിൽ, അധികം അനുവദിച്ച തുക എത്രയും വേഗം ഈടാക്കി രസീത് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി നം. 10/24.11.23.
നിരാകരിച്ച ചെലവ് – 990/-രൂപ.

1-28 പദ്ധതികൾ ഫലപ്രാപ്തിയിലെത്തിയില്ല- തുടർ നടപടി അനിവാര്യം.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങൾ എല്ലാം നിർവ്വഹിച്ചിട്ടുണ്ടെങ്കിലും, അത്യാവശ്യമുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്നതിനാൽ പ്രസ്തുത പദ്ധതികൾ ഫലപ്രാപ്തിയിലെത്തിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാന്നിദ്ധ്യത്തിൽ 24.11.2023-ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിലും ഈ വിവരം വ്യക്തമായിട്ടുണ്ട്.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | 23/23 (106/22-ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | പ്ലാക്കോട് അംഗൻവാടി മെയിന്റനൻസ് |
| നിർവ്വഹണം | അസി. എഞ്ചിനീയർ,LSGD. |
| അടങ്കൽ തുക | 4,90,000/-രൂപ(MGNR) |
| കരാറുകാരൻ | ശ്രീ. അനീഷ് ആർ.എസ്. (എസ്റ്റിമേറ്റ് നിരക്ക്) |
| എഗ്രിമെന്റ് നം/തീയതി | 54/AE/LSGD/KPA/21-22/16.11.2021 |
| ബിൽ നം./തീയതി, തുക | 18/22-23/27.2.2023 , 4,75,408/- |
| എം. ബുക്ക് നമ്പർ | 80/21-22 |

പ്രസ്തുത പദ്ധതി പ്രകാരം കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, ടോയ്‌ലറ്റിന്റെയും, അടുക്കളയുടെയും മെയിന്റനൻസ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വൈദ്യുതീകരണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ തുക വകയിരുത്തി നിർവ്വഹിച്ചിട്ടില്ല. വെളിച്ചത്തിന്റെ അഭാവം കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 10/24.11.23) മറുപടിയിൽ ടി വിഷയം

ബഹു. പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | 21/23 (21/22-ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | വയോജന ക്ലബ്ബ് സ്ഥാപിക്കൽ |
| നിർവ്വഹണം | അസി. എഞ്ചിനീയർ,LSGD. |
| അടങ്കൽ തുക | 10,00,000/-രൂപ (Plan-629237+Own Fund-370763) |
| കരാറുകാരൻ | സന്തോഷ് എസ്. (എസ്റ്റിമേറ്റ് നിരക്ക്) |
| എഗ്രിമെന്റ് നം/തീയതി | 1/AE/LSGD/KPA/22-23/13.6.2022 |
| ബിൽ നം./തീയതി, തുക | 10/22-23/31.8.2022, 6,29,237/-രൂപ<br>ചെക്ക് നം.302386/7.10.2022-3,53,155/-രൂപ<br>ആകെ 9,82,392/-രൂപ |
| എം. ബുക്ക് നമ്പർ | 1/22-23 |

മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്ലംബിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്ത് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതി, വാട്ടർ കണക്ഷനുകൾ ലഭ്യമാക്കിയിട്ടില്ല. ചുറ്റുമതിൽ, ഗേറ്റ് എന്നിവ നിർമ്മിച്ച് കെട്ടിടം സംരക്ഷിക്കേണ്ടതായിട്ടുണ്ട്. ഇക്കാരണങ്ങളാൽ വയോജന ക്ലബ്ബിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പരിസരം മുഴുവനും കാടുപിടിച്ച നിലയിൽ കാണപ്പെടുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 10/24.11.23) മറുപടിയിൽ വൈദ്യുതീകരണം, ചുറ്റുമതിൽ, ഗേറ്റ് എന്നിവയുടെ ആവശ്യകത ബഹു. പഞ്ചായത്ത് കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ലക്ഷക്കണക്കിന് തുക ചെലവഴിച്ച് നിർവ്വഹിക്കപ്പെടുന്ന പ്രോജക്ടുകൾ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതിരിക്കുകയും, സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സംരക്ഷിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം അഭിലഷണീയമല്ല. പദ്ധതികൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 10/24.11.23.

1-29 ചെലവ് രേഖകൾ ഹാജരാക്കിയില്ല-18,934 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 5 (പാലിയേറ്റീവ് കെയർ) പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 18,934/- രൂപയുടെ (ചെക്ക് നമ്പർ 303369 തീയതി 14-3-23) ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് 23-11-2023ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ മൂന്നിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ ഇനത്തിലെ 18,934/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 3/23-11-2023.
തടസ്സപ്പെടുത്തിയ ചെലവ് – 18,934/-രൂപ.

1-30 മുൻകൂർ കൈപ്പറ്റിയിട്ടും വീടു പണി പൂർത്തിയാക്കിയില്ല

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന ലൈഫ് ഭവന പദ്ധതികൾക്ക് മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതു വരെ വീടു പണി പൂർത്തിയാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | കൈപ്പറ്റിയ തുക (₹), ബിൽ നമ്പർ |
|---|---|---|---|---|
| 1. | ശ്രീമതി ചന്ദ്രിക | 189/23 | ലൈഫ് ഭവന പദ്ധതി എസ്.സി. -2020 | 40,000/-, 35/3-2-23 |

| | | | | |
|---|---|---|---|---|
| 2. | ശ്രീ സത്യൻ | 189/23 | ലൈഫ് ഭവന പദ്ധതി എസ്.സി. -2020 | 40,000/-, 42/18-3-23 |
| 3. | ശ്രീമതി ലില്ലി | 189/23 | ലൈഫ് ഭവന പദ്ധതി എസ്.സി. -2020 | 40,000/-, 46/18-3-23 |
| 4. | ശ്രീമതി തങ്കമണി | 183/23 | ലൈഫ് ഭവന പദ്ധതി ജനറൽ -2020 | 40,000/-, 43/18-3-23 |
| 5. | ശ്രീമതി മിനികുമാരി | 39/23 | ലൈഫ് ഭവന പദ്ധതി ജനറൽ -2020 | 40,000/-, 11/31-10-22 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/22 -11 -2023, 4/23 -11-2023 എന്നിവയ്ക്ക് വീട്ടു പണി ഉടൻ ആരംഭിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. വീട്ടു പണി പൂർത്തീകരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റിവൈസ്ഡ് എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയിൽ പരിമിതപ്പെടുത്താതെ അധിക അളവിന് തുക അനുവദിച്ചു- നിരാകരിക്കുന്ന തുക- 990/- രൂപ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 23/23 (106/22-ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | പ്ലാക്കോട് അംഗൻവാടി മെയിന്റനൻസ് |
| നിർവ്വഹണം | അസി. എഞ്ചിനീയർ, LSGD. |
| അടങ്കൽ തുക | 4,90,000/-രൂപ (MGNR) |
| കരാറുകാരൻ | ശ്രീ. അനീഷ് ആർ.എസ്. (എസ്റ്റിമേറ്റ് നിരക്ക്) |
| എഗ്രിമെന്റ് നം/തീയതി | 54/AE/LSGD/KPA/21-22/16.11.2021 |
| ബിൽ നം./തീയതി, തുക | 18/22-23/27.2.2023 , 4,75,408/-രൂപ |
| എം. ബുക്ക് നമ്പർ | 80/21-22 |

മേൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം 2.6, സ്പെസിഫിക്കേഷൻ കോഡ് 50.6.1.2 പ്രകാരം " Solid Block Masonry Using Precast Solid Blocks (Factory Made) Of Size 40x20x20 Cm Or Nearest Available Size...........in CM 1:6...." എന്ന ഇനം 4.255$m^3$ @ 5720.38/$m^3$ = 24,339.07 രൂപ (Approx) വകയിരുത്തി. എന്നാൽ പ്രസ്തുത ഇനത്തിന്റെ അളവ് റിവൈസ്ഡ് എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയായ 4.255 $M^3$-ൽ പരിമിതപ്പെടുത്താതെ 4.4278 $M^3$ @ 5720.38/$m^3$= 25,328.69 രൂപ കരാറുകാരന് അനുവദിച്ചിരിക്കുന്നു (എം.ബുക്ക് പേജ് നം.15, 19, 70).

കരാറുകാരന് അധികം നൽകിയ തുക = 25328.69-24339.07=990/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ, കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 10/24.11.23) മറുപടിയിൽ, അധികം

അനുവദിച്ച തുക എത്രയും വേഗം ഈടാക്കി രസീത് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 10/24.11.23.
നിരാകരിച്ച ചെലവ് – 990/-രൂപ.

3-2 ഒ.ഡി.എഫ്. പദ്ധതി - ഒരേ ഗുണഭോക്താക്കൾക്ക് രണ്ട് തവണ തുക നൽകി

ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ പ്രോജക്റ്റ് നം. 6, ലാട്രിൻ കൺസ്ട്രക്ഷൻ (ഒ.ഡി.എഫ്.) എന്ന പദ്ധതി പ്രകാരം 09 ഗുണഭോക്താക്കൾക്ക് 4,240/- രൂപ നിരക്കിൽ രണ്ട് തവണ തുക അനുവദിച്ചു. ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക (₹) | വിവരണം |
|---|---|---|
| XVFC/2022-23/P/15/ 17-01-23 | 42400/- | First Instalment Of 10 Beneficiaries Of Odf |
| XVFC/2022-23/P/17/ 17-01-23 | 63600/- | First Instalment Of 15 Beneficiaries Of Odf |

അപ്രൂവ് ചെയ്ത മേൽ ബില്ലുകൾ സാങ്കേതിക കാരണങ്ങളാൽ ക്യാൻസലേഷൻ വൗച്ചർ ഉപയോഗിച്ച് ക്യാൻസൽ ചെയ്തെങ്കിലും ബാങ്കിൽ നിന്നും താഴെ പറയുന്ന 09 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ആയിക്കഴിഞ്ഞിരുന്നു.

| ക്രമ നം. | ഗുണഭോക്താവ് |
|---|---|
| 1 | ശ്രീമതി ശാന്ത, കുറ്റിക്കാട്ടു പടിഞ്ഞാറ്റതിൽ |
| 2 | ശ്രീമതി രജനി, ചിന്നൂസ് |
| 3 | ശ്രീമതി സുമതി, ചരുവിള വീട് |
| 4 | ശ്രീമതി ബീന ഷാജി, സ്വാതിഭവൻ |
| 5 | ശ്രീമതി സുബ, സംഗീത ഭവൻ |
| 6 | ശ്രീമതി രേണുക, മനീഷ് ഭവൻ |
| 7 | ശ്രീമതി ശ്യാമളയമ്മ, സിന്ധുഭവനം |
| 8 | ശ്രീമതി രമ, കൊച്ചുവിള വീട് |
| 9 | ശ്രീ. അനിരുദ്ധൻ, അനുരാധഭവൻ |

ആയത് പരിഗണിക്കാതെ 08.02.2023 ലെ XVFC/2022-23/P/26 നമ്പർ ബിൽ പ്രകാരമുള്ള 67,840/-രൂപയിൽ നിന്ന് മേൽ പറഞ്ഞ 09 ഗുണഭോക്താക്കൾക്ക് വീണ്ടും 4,240/-രൂപ നിരക്കിൽ തുക നൽകി. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ആയതിനാൽ ഈയിനത്തിൽ അധികം ചെലവഴിച്ച 38,160/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 5/23-11-2023.
നിരാകരിച്ച തുക – 38,160/-രൂപ.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2022-23 | 23.11.2023 & 24.11.2023 | കെ.എസ്.എ.കെ.എൽ.എം.പി6/1987/2023 തീയതി 15/12/2023 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,50,000/- | സമഗ്ര നെൽകൃഷിവികസനം | 1,50,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2,60,000/- | ലൈഫ് ഭവന നിർമ്മാണം -ജനറൽ | 2,60,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2,00,000/- | ലൈഫ് ഭവന നിർമ്മാണം – അഡീഷണൽ എസ്.സി. | 2,00,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 3,40,000/- | അങ്കണവാടി പോഷകാഹാരം | 3,40,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 92,400/- | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 92,400/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 5,53,932/- | പാലിന് സബ്സിഡി | 5,53,932/- | - |
| ജില്ലാ പഞ്ചായത്ത് | 5,38,236/- | ലൈഫ് ഭവന നിർമ്മാണം – അഡീഷണൽ എസ്.സി. | 5,38,236/- | - |
| ജില്ലാ പഞ്ചായത്ത് | 80,000/- | ലൈഫ് ഭവന നിർമ്മാണം – ജനറൽ | 80,000/- | - |
| ജില്ലാ പഞ്ചായത്ത് | 12,06,339/- | സമഗ്ര നെൽകൃഷി വികസനം | 12,06,339/- | - |
| ജില്ലാ പഞ്ചായത്ത് | 2,60,442/- | അങ്കണവാടി പോഷകാഹാരം | 2,60,442/- | - |
| ജില്ലാ പഞ്ചായത്ത് | 3,48,837/- | പാലിന് സബ്സിഡി | 3,48,837/- | - |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| ഭൂഗർഭജല വകുപ്പ് | കുടിവെള്ള പദ്ധതികൾ | XVFC/2022-23/P/ 10/09.01.23 | 15,23,100/- | 0 | 21,66,293/- |
| | | XVFC/2022-23/P/21/ 30.01.23 | 6,43,193/- | | |
| കേരള വാട്ടർ അതോറിറ്റി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | XVFC/2022-23/P/43/ 27.03.23 | 8,05,760/- | 0 | 13,05,760/- |
| | | XVFC/2022-23/P/55/ 31.03.23 | 5,00,000/- | | |
| അനെർട്ട് | കരീപ്ര ഗ്രാമപഞ്ചായത്ത് പാറക്വാറികൾ ശുചീകരിച്ച് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ | XVFC/2022-23/P/5/ 29.12.22 | 5,00,000/- | 0 | 5,00,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2,39,76,000/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷ വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | സ.ഉ.68/2018 തീയതി-18/5/18 | 2,39,76,000/- | 1,33,47,461/- | 1,66,40,963/- | - | 2,06,82,498/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-2 | 2008-09 | 3-5.4 | അക്ഷയപരിശീലന പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2013-14 സ്പെഷ്യൽ റിപ്പോർട്ട് | | 2013-14 | | ബാങ്കിൽ ഒടുക്കാതെ 10 ലക്ഷത്തിലേറെ രൂപ അപഹരിച്ചു | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 990/- | ശ്രീമതി അനശ്രീ, അസിസ്റ്റന്റ് എഞ്ചിനീയർ (മരാമത്ത്) |
| 3-2 | - | 38,160/- | ശ്രീ. സജി ജോൺ, സെക്രട്ടറി |
| 1-24 | - | 32,162/- | ശ്രീമതി അനശ്രീ, അസിസ്റ്റന്റ് എഞ്ചിനീയർ (മരാമത്ത്) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 21,66,293/- | ശ്രീ. സജി ജോൺ, സെക്രട്ടറി |
| 1-16 | 13,05,760/- | ശ്രീ. സജി ജോൺ, സെക്രട്ടറി |
| 1-18 | 53,546/- | ശ്രീ. സജി ജോൺ, സെക്രട്ടറി |
| 1-20 | 7,584/- | ശ്രീ. സജി ജോൺ, സെക്രട്ടറി |
| 1-29 | 18,934/- | ഡോ. സുനിത ഹരിലാൽ, മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനശ്രീ, അസിസ്റ്റന്റ് എഞ്ചിനീയർ (മരാമത്ത്) | അസിസ്റ്റന്റ് എഞ്ചിനീയർ (മരാമത്ത്), കരീപ്ര ഗ്രാമപഞ്ചായത്ത് | മാണപ്പള്ളിൽ കൈലാസ് ഭവൻ, അവണൂർ പി.ഒ, കൊട്ടാരക്കര |
| ശ്രീ. സജി ജോൺ, സെക്രട്ടറി | സെക്രട്ടറി, കരീപ്ര ഗ്രാമപഞ്ചായത്ത് | കൊച്ചുപ്ലാവിള വീട്, ചിറ്റാകോട്, കൊല്ലം |
| ഡോ. സുനിത ഹരിലാൽ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി., കരീപ്ര ഗ്രാമപഞ്ചായത്ത് | പുന്നവിള വടക്കതിൽ, വാക്കനാട്, കൊല്ലം |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 12.04.2018 | 7 |
| 1997-98 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 12.04.2018 | 6 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 12.04.2018 | 6 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 12.04.2018 | 3 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 11.04.2018 | 2 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 11.04.2018 | 3 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 17.04.2018 | 3 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 17.04.2018 | 4 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 17.04.2018 | 10 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.-പി6/977/2018, 25.05.2018 | 7 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.-പി6/742(1)/19, 31.05.2019 | 11 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.-പി6/742(2)/19, 31.05.2019 | 8 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.-പി6/742(3)/19, 31.05.2019 | 8 |

| | | |
|---|---|---|
| 2009-10 | കെ.എസ്.എ.കെ.എൽ.എം.-പി6/742(4)/19, 31.05.2019 | 9 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.-പി6/742(5)/19, 31.05.2019 | 5 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.-പി6/അദാലത്ത് 2011-12/56/22, 19.08.2022 | 9 |
| 2012-13 | കെ.എസ്.എ.കെ.എൽ.എം.-പി6/അദാലത്ത് 2012-13/56/22, 19.08.2022 | 6 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.എൽ.എം.-പി6/അദാലത്ത് 2013-14/56/22, 19.08.2022 | 16 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.-പി6/1978/22, 02.12.2022 | 6 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.-പി6/360/21, 08.01.2022 | 11 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.-പി6/1430/20, 02.02.2021 | 9 |
| 2018-19 | കെ.എസ്.എ. കെ.എൽ.എം.പി6/1313/2019 Dt. 28-10-2020 | 10 |
| 2019-20 | കെ.എസ്.എ. കെ.എൽ.എം.പി6/1502/21 Dt. 06-04-22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ. കെ.എൽ.എം P6/1846/2021 Dt. 16-07-22 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ. കെ.എൽ.എം P6/2251/2022 Dt. 22-03-23 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 30-06-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kareepra Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kareepra Grama Panchayat for the year 2022-2023

Date: 15/12/2023

Deputy Director
District Office Kollam
Kerala State Audit Department

**Audit Report appended to the Audit Certificate of Kareepra Grama Panchayat for the Year 2022-2023 .**

**1.Major Observations**

NIL

**2.Other Observations**

1) The following mandatory financial statements prescribed in accounting rules are not submitted for audit :-

Ratios.

2) Schedules of the following financial statements are not submitted :-

B1 Schedule.

3) Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalent.

4) Property tax demand register does not match with Financial statement 2022-23.

5) The following registers are not updated properly :-

Asset register.

6) Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items

7) Misclassification of Receipt voucher.

8) Lapses in making timely and accurate demand entries in respect of tax and non tax revenue.

9) Grant liability amount shown as liability in Balance Sheet does not match with Bank account opened for the specified grant account -CFC.

10) The amount of Rs. 17,64,738/- is not cashed from treasury as treated as expenditure in Web Sankhya ACR.

11) The liablities given in AFS are not correct.

Capital work in progress.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.